# MGNREGS കഴിഞ്ഞു VB G RAM G(G) വന്നു. കേരളത്തിന് പുതിയ പരീക്ഷണങ്ങൾ-ഏർപ്പെടുത്താം

ഡോ. ജോസഫ് ഏബ്രഹാം

ഇന്ത്യയുടെ ഗ്രാമീണ വികസന ചരിത്രത്തിൽ ഒരു കാലഘട്ടത്തിന്റെ അവസാനം കുറിച്ചു 2025 ഡിസംബറിൽ. 2005-ൽ പാർലമെന്റിന്റെ നിയമ ബലം കൊണ്ട് ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) റദ്ദാക്കി, പകരം വികസിത് ഭാരത് ഗ്യാരന്റി ഫോർ റോജ ഗർ ആന്റ് ആജീവിക മിഷ്യൻ (ഗ്രാമീൺ) വി.ബി.ജി.റാം ജി (ജി) (ഗ്രാമീൺ) ബിൽ 2025 പാർലമെന്റ് പാസാക്കി. ഇരുപത് വർഷത്തെ തുടർച്ചയായ നടപ്പാക്കലിനുശേഷം ഉണ്ടായ ഈ ചുവട് മാറ്റം "ലോക്ക്, സ്റ്റോക്ക് ആർഡ് ബാരൽ" രീതിയിലുള്ള പൂർണമായ അഴിച്ചുപണി അല്ല: മറിച്ച്, ചില ഘടക ങ്ങൾ നിലനിർത്തിയും ചില പുതുമകൾ കൂട്ടിച്ചേർത്തുമുള്ള ഒരു പുനർ രൂപ കല്പനയാണിത്. ഗ്രാമകേന്ദ്ര ഗ്രാമവികസന മന്ത്രാലയം (MORD) നടത്തിയ പഠനങ്ങളും ആലോചനകളും അടിസ്ഥാനമാക്കിയാണി മാറ്റങ്ങൾ. എന്നാൽ രാജ്യത്തുടനീളം ഈ മാറ്റങ്ങൾ ശക്തമായ ചർച്ചകൾക്ക് ഇടയായി. ചില വിമർശനങ്ങൾ യുക്തിസഹമാണെങ്കിലും, ചിലതിൽ സംസ്ഥാന സർക്കാരു കളും നയവിശകലനക്കാരും കടുത്ത ഭിന്നാഭിപ്രായമാണ് ഉയർത്തുന്നത്.

ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ MGNREGS അനുഭവങ്ങളും അതിന്റെ നിർവ്വഹണത്തിൽ നേരിട്ട വെല്ലുവിളികളെ ഹ്രസ്വവും സൂക്ഷ്മ മായി പരിശോധിക്കേണ്ടതുണ്ട്. പുതിയ വി.ബി.ജി.റാം ജി (ജി) യുടെ സമീപ നത്തിലും നിലപാടുകളിലും ഇവയിൽ ചിലതിന് വേണ്ടത്ര പരിഗണന മുമ്പ് ലഭിച്ചില്ലായെന്ന് മനസ്സിലാക്കാം. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ യാഥാർത്ഥ്യങ്ങളെ പുതിയ വി.ബി.ജി.റാം ജി (ജി) ബാൻഡ് വാഗ ണിലേക്ക് ക്രിയാത്മകമായി വിന്യസിക്കാൻ ഉടനടി എന്ത് നിർണായക നടപ ടികളാണ് വേണ്ടത്? നിലവിലെ 'ക്ഷേമ സ്ഥിരത മോഡിൽ' നിന്ന് ഉൽപാ ദനവർദ്ധന-സുരക്ഷ-മോഡലിലേക്ക് കേരളത്തിന് എങ്ങനെ മാറാൻ കഴിയും? അതിനായി നിലവിലെ MGNREGS അനുഭവ-കേരള-മോഡലിനെ എപ്രകാരം ഭാവിയിൽ കൂടുതൽ സുസ്ഥിരമാക്കാം? വി.ബി.ജി.റാം ജി (ജി) വഴി കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങളെ നേരിടാൻ അതിന്റെ സാദ്ധ്യതകൾ പുന:ക്രമീകരിക്കുന്നതിനുള്ള പുതിയ തന്ത്രപരമായ നിലപാടുകൾ എന്തായി രിക്കണം?

## 1. കേരളത്തിന്റെ MGNREGS അനുഭവങ്ങൾ

കേരളത്തിന്റെ നടത്തിപ്പ് ട്രാക്ക് റെക്കോർഡ് ഇന്ത്യയിൽ ഏറ്റവും ശക്ത മായ ഒന്നാണ്, അതിന്റെ തോത് കൊണ്ട് മാത്രമല്ല, ഭരണപരമായ വിശ്വാസ്യ തയും ഏതാനും സാമൂഹിക ഫലങ്ങളുമാണ് കാരണം.

(i) തൊഴിൽ ആവശ്യം യാഥാർത്ഥ്യവും സുസ്ഥിരവുമായിരുന്നു. ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്ന തോതിൽ ഒരു കുടുംബ

ത്തിന് 55–65 ദിവസത്തെ ജോലി സ്ഥിരമായി നൽകുന്നതിലൂടെ, താരതമ്യേന നഗരവൽക്കരിക്കപ്പെട്ടതും സേവനാധിഷ്ഠിതവുമായ ഒരു സമ്പദ്‌വ്യവസ്ഥയിൽ പോലും ഗ്രാമീണ തൊഴിലിനായി ആവശ്യം നിലനിൽക്കുന്നുണ്ടെന്ന് കേരളം തെളിയിച്ചു. ഇത് "ആവശ്യകതയുടെ അഭാവം" വാദം തള്ളിക്കളയുകയും, പദ്ധതിയുടെ നടത്തിപ്പ് രൂപകൽപ്പനാ പരിമിതികൾ തുറന്നുകാട്ടുകയും ചെയ്യുന്നു.

(ii) ലിംഗ പരിവർത്തനം ചരിത്രപരമായിരുന്നു. 90 ശതമാനം വ്യക്തിദിനങ്ങളും സ്ത്രീകളാണ് സൃഷ്ടിക്കുന്നത് എന്നതിനാൽ, MGNREGS കേരളത്തിലെ സ്ത്രീകൾക്കായുള്ള ഏറ്റവും ശക്തമായ തൊഴിൽ ഇൻഷുറൻസ് ഉപകരണമായി ഇത് മാറി. ഗാർഹിക ഉപഭോഗം സ്ഥിരപ്പെടുത്തുകയും ദുരിതമനുഭവിക്കുന്നവരുടെ കുടിയേറ്റം കുറയ്ക്കുകയും പ്രത്യേകിച്ചും സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങളെ പിന്തുണയ്ക്കുകയും ചെയ്തു. ഈ ഫലം യാദൃശ്ചികമല്ല, മറിച്ച് കേരളത്തിന്റെ സാമൂഹിക മൂലധനത്തെയും വികേന്ദ്രീകൃത ഭരണ സാമ്പത്തിക സംവിധാനങ്ങളെയും പ്രതിഫലിപ്പിക്കുന്നു.

(iii) വേതനം ഉപജീവനമാർഗ്ഗമായി മാത്രം വർത്തിക്കുന്നത് അവസാനിപ്പിച്ചു. കാർഷിക സേവന നാമമാത്ര വേതനം വേഗത്തിൽ ഉയർന്നപ്പോൾ യാഥാർത്ഥ-റിയൽ വേതനം നിശ്ചലമായി തുടരുന്നിടത്ത് MGNREGS നെ ഒരു ഉപജീവന തൊഴിൽ ഗ്യാരണ്ടിയായി മാറ്റി, അനുബന്ധ സുരക്ഷിത വലയിലേക്ക് പുന:സ്ഥാപിച്ചു. ഈ പദ്ധതി കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് സംരക്ഷിച്ചു. പക്ഷേ മുകളിലേക്കുള്ള സാമ്പത്തിക ഉയർച്ച സാധ്യമാക്കാൻ ഉപകരിച്ചില്ല.

(iv) ആസ്തി സൃഷ്ടി കാലാവസ്ഥാ അവബോധമുള്ളതായിരുന്നു. പക്ഷേ സാമ്പത്തികമായി നേട്ടം ഉറപ്പാക്കിയില്ല. പഞ്ചായത്തുകൾ ജലസംരക്ഷണം, മണ്ണ് സംരക്ഷണം, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകി. എന്നിരുന്നാലും, പൂർത്തീകരണത്തിനു ശേഷമുള്ള ഉൽപ്പാദനക്ഷമത ഉറപ്പാക്കൽ, ഓഡിറ്റുകളുടെ അഭാവം ആസ്തികൾ ഭൗതികമായി ഏകപ്പെട്ട സൃഷ്ടിക്കപ്പെട്ടതായി തുടർന്നു. ഇവ സാമ്പത്തികമായി അദൃശ്യമായി നിലകൊണ്ടു. വിളവ് അക്കൗണ്ടിംഗ് ഇല്ല, വരുമാന ആട്രിബ്യൂഷൻ ഇല്ല, പരിപാലനച്ചെലവ് തനതായി ഏർപ്പാടാക്കിയില്ല.

മൊത്തത്തിൽ നടത്തിപ്പ് നിലവാരം മെച്ചപ്പെട്ടുതായിരുന്നുവെങ്കിലും അവകാശങ്ങൾ ഭാഗികമായി മാത്രമാണ് സംരക്ഷിക്കപ്പെട്ടത്. ചോർച്ചകൾ കുറഞ്ഞു, പക്ഷേ വേതന ലഭ്യതാ കാലതാമസവും, തൊഴിലില്ലായ്മ അലവൻസ് നടപ്പിലാക്കലിന്റെ വലിയ അഭാവവും നിയമത്തിന്റെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള കാതലിനെ കൈവിട്ടു. ദുർബലമായ നിയമ നിർവ്വ

ഹണവും പൂജ്യം ഉൽപ്പാദനക്ഷമത അക്കൗണ്ടിംഗും ഉള്ള ഉയർന്ന ഭരണപര മായ പ്രകടനം തുടർന്നിരുന്നു.

**കേരളത്തിന്റെ വിധി വ്യക്തമാണ്:** ദാരിദ്ര്യ-നിർമ്മാർജ്ജന സ്ഥിരീകരണ ത്തിലും ലിംഗ സ്ത്രീ സംരക്ഷണത്തിലും വിജയിച്ചു. നിലവിലെ നടത്തിപ്പ് ഘടനാപരമായ പരിമിതിയിലെത്തി-പരിവർത്തനമില്ലാത്ത സുരക്ഷ കളം പിടിച്ചിരുന്നു.

**2. മാതൃക സുസ്ഥിരമല്ലാതായി**

കേരളത്തിന്റെപരിമിതികൾ പ്രത്യയശാസ്ത്രപരവും മാക്രോ ഇക്കണോ മിക് ഘടനാപരവുമാണ്.

(i) കേരളം ഇപ്പോൾ കടുത്ത സാമ്പത്തിക സമ്മർദ്ദത്തിലാണ് പ്രവർത്തി ക്കുന്നത്, സ്ഥിരമായ വരുമാന കമ്മിയും ഉയർന്ന കട-അനുപാതങ്ങളും ഉണ്ട്. വരുമാനമോ ഉല്പാദനക്ഷമതാ ഫീഡ്ബാക്ക് വർദ്ധനകൾ ഇല്ലാത്ത ഡിമാൻഡ്-ഡ്രൈവൺ വേതന പരിപാടികൾ ലിക്വിഡിറ്റി സമ്മർദ്ദം സൃഷ്ടിക്കുന്നു. പ്രത്യേകിച്ച് നിലവിലെ കൂടുതൽ കർശന മായ കേന്ദ്ര-സംസ്ഥാന ചെലവ് പങ്കിടൽ അന്തരീക്ഷത്തിൽ.

(ii) അളക്കാവുന്ന വരുമാനമില്ലാത്ത തൊഴിൽ സൃഷ്ടി സാമ്പത്തികമായി ദുർബലമായി തുടരാൻ ഇടയാക്കി. ലിംഗ തുല്യതാ എന്നാൽ നേട്ടങ്ങൾ സാമൂഹികമായി വിലമതിക്കാതെ തുടർന്നു. ഉൽപ്പാദന അളവെടുപ്പിൽ ഗണ്യമായ വർദ്ധനവിന്റെ അഭാവം പദ്ധതിയെ കാര്യക്ഷമതയില്ലായ്മ യുടെ തൊഴിലുറപ്പ് എന്ന ആരോപണങ്ങൾക്ക് ഇരയാക്കി.

(iii) ആസ്തികൾ മൂലധനവൽക്കരിക്കപ്പെട്ടിരുന്നില്ല. കാലാവസ്ഥാ വ്യതിയാ നത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ നടന്നിരുന്നു. പക്ഷേ മൂല്യ നിർണ്ണയം, ധനസമ്പാദന മാർഗങ്ങൾ, പരിപാലന വ്യവസ്ഥകൾ എന്നിവ ഉണ്ടായില്ല. അതായത് പൊതു മൂലധനത്തെ ഒറ്റപ്പെട്ട ആസ്തി കളാക്കി മാറ്റി. ഇവയ്ക്ക് സമ്പത്ത് ഘടനയിൽ പുരോഗതിയുടെ, അനു രണനങ്ങൾ, തൊഴിൽ-വരുമാനം, എന്നിവ പുതുതായി സൃഷ്ടിക്കുന്ന തിൽ വേണ്ടത്ര ശ്രദ്ധ നൽകിയില്ല.

(iv) തൊഴിൽ വിപണിയിൽ പൊരുത്തക്കേടുകൾ വർദ്ധിച്ചു. കേരളത്തിന്റെ സാമ്പത്തിക വളർച്ച, സേവനങ്ങൾ, പരിചരണം, ഹരിത ജോലികൾ, വിജ്ഞാന മേഖലകൾ എന്നിവയിലാണ്. എന്നാൽ MGNREGS അനു ബന്ധ പ്രവർത്തികൾ സ്ത്രീകൾക്കും യുവാക്കൾക്കും മുന്നേറ്റശേഷി ലഭ്യമാക്കാത്ത താഴ്ന്ന വൈദഗ്ദ്ധ്യമുള്ള മാനുവൽ ജോലികളിൽ മാത്രം ഒതുങ്ങിക്കൂടി.

(v) ഫെഡറൽ ഡിസൈൻ, വൈരുദ്ധ്യ-അപകടസാധ്യതകൾ വർദ്ധിച്ചു. കേ ന്ദ്ര ബാധ്യതകളുടെ മേലുള്ള പരിധികൾ വിഭവ റേഷനിംഗിന് ഭീഷണി ഉയർത്തുന്നു; നിയമപരമായ ഗ്യാരണ്ടികൾ ദുർബലപ്പെടുത്തുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ സമ്മർദ്ദം/ബാദ്ധ്യതകൾ സംസ്ഥാന

ത്തിന്മേൽ ചുമത്തുന്നു, വരുമാന കുറവുകൾ പഞ്ചായത്തുകളെ അപ്ര ഖ്യാപിത ബന്ധനത്തിലാക്കുന്നു.

കേരളം നേരിട്ട പ്രതിസന്ധി വ്യക്തിമാണ്:- സാമ്പത്തികമായി നേട്ടം പ്രായോഗികമല്ലാത്ത രൂപകൽപ്പനയിൽ നിന്ന് രക്ഷപ്പെടൽ; വിലപേശാൻ കഴി യാത്ത സാമൂഹിക ഗ്യാരണ്ടിയെ എപ്രകാരം ഫലപ്രദമായി പ്രതിരോധിക്കാം എന്നിങ്ങനെ.

**3. വി.ബി.ജി. റാം ജി.ലേക്കുള്ള നിലപാട് മാറ്റം**

കേരളത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ ശക്തികളും ദുർബലത കലും കൃത്യമായി നിശ്ചയിക്കപ്പെട്ട് ഉഴലുന്ന നിമിഷങ്ങളിലാണ് വി.ബി.ജി.റാം ജി എത്തുന്നത്.

ഉയർന്ന സ്ത്രീ തൊഴിലാളി പങ്കാളിത്തം, ശക്തമായ പഞ്ചായത്ത് സ്ഥാപനങ്ങൾ, വികസിത വർദ്ധിത കാലാവസ്ഥാ എക്സ്പോഷർ, എന്നിവ യുടെ അകമ്പടിയോടെയാണ് കേരളം പുതിയ വി.ബി.ജി.റാം ജി (ജി) യുടെ ചട്ടക്കൂടിലേക്ക് പ്രവേശിക്കുന്നത്. ഏതൊരു പിൻഗാമിയോ, സംയോജിത പരിപാടിയോ ആണെങ്കിലും ഇവ ഉൽപ്പാദനക്ഷമത-ഉറപ്പാക്കുന്നതും, വൈദഗ്ദ്ധ്യം ഉൾച്ചേർക്കുന്നതും, സംസ്ഥാനത്തിന് സാമ്പത്തികമായി അടി സ്ഥാന നിക്ഷേപവുമായിരിക്കണമെന്ന് നിലവിലെ സാഹചര്യങ്ങൾ ആവശ്യ പ്പെടുന്നുണ്ട്.

അതിനാൽ, കേരളത്തിന്റെ തന്ത്രപരമായ നിലപാട് മാറ്റിസ്ഥാപിക്കലല്ല, മറിച്ച് പുനർനിർമ്മിക്കലാണ്; നിയമപരമായ പ്രോഗ്രാമായ തൊഴിൽ ഉറപ്പിനെ തൊഴിൽ ഇൻഷുറൻസായി നിലനിർത്തൽ, സൃഷ്ടിക്കുന്ന ആസ്തികളെ അളക്കാവുന്ന ഉൽപ്പാദനക്ഷമതയിലേക്കും വരുമാന വർദ്ധന സ്രോതസ്സുകളി ലേക്കും പുതുതായി മാറ്റുക; മനുഷ്യവിഭവ കഴിവുകളെ മൊബിലിറ്റി ഗോവ ണികളിൽ ഉൾപ്പെടുത്തുക. പ്രത്യേകിച്ച് സ്ത്രീകളുടെ പൊതു തൊഴിൽ പ്രവൃത്തികളെ സ്ഥിരമായ വരുമാന ലഭ്യതയ്ക്ക് പകരമായല്ല മറിച്ച് കാലാ വസ്ഥാ പ്രതിരോധ അപകട ഇൻഷുറൻസായി കണക്കാക്കണം, സംസ്ഥാന ത്തിന് ധനകാര്യ ബാദ്ധ്യതയായല്ല ഉൽപ്പാദനക്ഷമത നേട്ടങ്ങൾ സാമ്പത്തിക ഭാരം ലഘൂകരിക്കുമെന്ന് ഉറപ്പാക്കാം.

ഇപ്രകാരമുള്ള ക്രിയാത്മക നിലപാട് വി.ബി.ജി.റാം ജിയെ സൂക്ഷ്മം പുനപ്രതിഷ്ടിക്കും. എം.ജി.എൻ.ആർ.ഇ.ജി.എസിന് കഴിയാത്തത് ഘടനാപര മായി പുതുതായി പരിഹരിക്കുമോ?

**4. വി.ബി.ജി.റാം ജി (ജി) കേരളത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നിടങ്ങൾ**

വി.ബി.ജി.റാം ജി (ജി) യുടെ പ്രധാന രൂപകൽപ്പന ഘടകങ്ങൾ കേരള ത്തിന്റെ MGNREGS അനുഭവപാഠങ്ങളുമായും വെല്ലുവിളികളുമായും നേരിട്ട് സമരസപ്പെടണം, വാചാടോപപരമായല്ല, മറിച്ച് ഘടനാപരമായ നിബന്ധന കൾ പാലിച്ചാവും വിജയം കണ്ടെത്തുവാൻ കഴിയുക.

**(i) ഉൽപ്പാദനക്ഷമത ഇനി ഓപ്ഷണലല്ല**

ഔട്ട്പുട്ട്-ലിങ്ക്ഡ് പ്ലാനിംഗും പൂർത്തീകരണത്തിനു ശേഷമുള്ള ഓഡിറ്റുകളും വി.ബി.ജി.റാം ജി (ജി) യിൽ നിർബന്ധമാക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം, തൊഴിലുറപ്പ് പരിപാടിയ്ക്ക് ഏറ്റവും വലിയ സ്ഥാപനപരമായ അന്ധത ഇത് പരിഹരിക്കും. ജലസേചന പ്രവർത്തനങ്ങൾ ഇപ്പോൾ ഭൂഗർഭജല ആഘാതം/ലഭ്യത എന്നിവ വിശദമാക്കണം; കാർഷിക ആസ്തികൾ നിർമ്മിക്കുമ്പോൾ വിളവ് നേട്ടങ്ങൾ റിപ്പോർട്ട് ചെയ്യണം; വരുമാന സൂചകങ്ങൾ പ്രോഗ്രാം വിലയിരുത്തലിന്റെ ഭാഗമാകും. ഇത് മുടക്കിയ ചെലവുകളിൽ നിന്നും രൂപം കൊള്ളുന്ന ആസ്തികളെ ഉൽപ്പാദനക്ഷമമായ പൊതു വരുമാന മൂലധനമാക്കി മാറ്റുവാൻ ഉപകരിക്കും.

**(ii) നൈപുണ്യ ഉൾച്ചേർക്കൽ സ്റ്റാറ്റിക് അധ്വാനത്തെ മാറ്റി മറിക്കും**

കെയർ സേവനങ്ങൾ, ഹരിത ജോലികൾ, കാർഷിക സംസ്കരണം, പ്രാദേശിക സേവനങ്ങൾ, വിഭവങ്ങൾ എന്നിവയുമായി യോജിപ്പിച്ച് വി.ബി.ജി.റാം ജി (ജി) ഓൺ-സെറ്റ് സ്കില്ലിംഗ്, സ്കിൽ ക്രെഡിറ്റുകൾ അവതരിപ്പിക്കും. ഇത് നിലവിൽ കൃത്യമായി പറഞ്ഞാൽ കേരളത്തിന്റെ സമ്പദ്വ്യവസ്ഥ വികസിക്കുന്നിടങ്ങളിലാണ് സംഭവിക്കുക. ഇത് ചാക്രിക ആശ്രിതത്വത്തിന് പകരം പുതിയ മുന്നേറ്റ പാതകൾ സൃഷ്ടിക്കും, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക്, കേരളത്തിൽ.

**(iii) ആസ്തി ധനമൂല്യ നിർണയം സ്ഥാപനവൽക്കരിക്കപ്പെടും**

പഞ്ചായത്ത് തല ആസ്തി രജിസ്റ്ററുകൾ, മൂല്യനിർണ്ണയ പ്രോട്ടോക്കോളുകൾ, അറ്റകുറ്റപ്പണി ചെലവുകൾ എന്നിവ തൊഴിൽ പ്രവർത്തനങ്ങളെ പ്രാദേശിക സാമ്പത്തിക സംവിധാനങ്ങളുമായി സംയോജിപ്പിക്കും. ആസ്തികളുടെ നിർമ്മാണം ഇനി അന്തിമ ലക്ഷ്യമല്ല, മറിച്ച് ജീവചക്ര ഉത്തരവാദിത്തമുള്ള സാമ്പത്തിക ഉപകരണങ്ങളായി ഇവ വർത്തിക്കും.

**(iv) സ്ത്രീകളുടെ തൊഴിൽ ഇൻഷുറൻസ് സംരക്ഷിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യും**

വി.ബി.ജി.റാം ജി (ജി) സ്ത്രീകളുടെ പങ്കാളിത്തത്തെ ദുർബലപ്പെടുത്തുന്നില്ല; ഉപജീവന വേതനങ്ങളിലൂടെ ജോലികളുടെ എസ്.എച്ച്.ജി.കൾക്ക്, സൂക്ഷ്മ സംരംഭകർ എന്നിവയ്ക്ക് സേവന വ്യവസ്ഥകൾ, ഉപജീവനമാർഗ്ഗങ്ങൾ എന്നിവ ലഭ്യമാക്കും. വനിതകൾക്ക് തൊഴിലിൽ ചലനാത്മകത പ്രാപ്തമാക്കുന്നതിനൊപ്പം തുല്യതയും സംരക്ഷിക്കപ്പെടും.

**(v)കാലാവസ്ഥാ അപകടസാധ്യത ഒഴിവാക്കൽ സംഘടിത തത്വമായി മാറുന്നു**

പൊതു തൊഴിൽ, കാലാവസ്ഥാ അപകടസാധ്യത, എന്നിവയ്ക്ക് തൊഴിൽ ഇൻഷുറൻസായി പുനർനിർമ്മിക്കപ്പെട്ടിരിക്കുന്നു. തുടർച്ചയായ സാമ്പത്തിക കാലതാമസം തടയുന്നതിനൊപ്പം സീസണൽ ആവശ്യകതകളെ നിയമാനുസൃതമാക്കുന്നു. ഇത് കേരളത്തിലെ വെള്ളപ്പൊക്കം, വരൾച്ച, ചൂട്-

സമ്മർദ്ദം-കാലാവസ്ഥ എന്നിവയെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങളുമായി തികച്ചും പ്രതിരോധിച്ച് സമരസപ്പെടാൻ ഉപകരിക്കും.

**(vi) സാമ്പത്തിക സമ്മർദ്ദം ഘടനാപരമായി പരിഹരിക്കപ്പെടും**

ഉത്പന്നങ്ങൾ, മനുഷ്യ വിഭവ കഴിവുകൾ, ധനസമ്പാദന ആസ്തികൾ എന്നിവയുമായി തൊഴിൽ വേതനം ബന്ധിപ്പിക്കുന്നതിലൂടെ, വി.ബി.ജി.റാം ജി (ജി) ജോലി റേഷനിംഗ് ചെയ്യാതെ, അവകാശങ്ങൾ ദുർബലപ്പെടുത്താതെ കേരളത്തിന്റെ മൊത്തം സാമ്പത്തിക ഭാരം കുറയ്ക്കും; MGNREGS ന് കഴിയാത്തവയാണ് ഇവ.

**<u>5. മുന്നോട്ടുള്ള വഴി</u>**

ഭരണനടത്തിപ്പും ഉൾപ്പെടുത്തലും പ്രശ്നമല്ലെന്ന് കേരളത്തിന്റെ MGNREGS അനുഭവം തെളിയിക്കുന്നു; പക്ഷെ രൂപകൽപ്പനയും പദ്ധതി സ്തംഭനവും തുടർന്നുപോന്നിരുന്നു. തൊഴിൽ ഗ്യാരണ്ടി പുനഃക്രമീകരിക്കാനുള്ള ഒരു അവസരം കൂടെ ലഭിക്കുന്നു, കേരളം പിൻവലിയില്ല എന്ന് കരുതാം. കേരളത്തിന്റെ നടത്തിപ്പ് താൽപ്പര്യം ലളിതവത്കരണമല്ല മറിച്ച് സംയോജനത്തിലാണ്. നിയമപരമായ ഗ്യാരണ്ടിയും കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹകരണവും ഉറപ്പാവണം. ഉൽപ്പാദനക്ഷമത ഓഡിറ്റുകളിലും, നൈപുണ്യ സംയോജനത്തിലും ഇവ നിർബന്ധമായി നടപ്പിലാക്കട്ടെ. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സാമ്പത്തിക വരുമാനദായക മൂലധനമാക്കി മാറ്റണം. തൊഴിലുകളുടെ നിപുണത മുകളിലേക്കുള്ള ചലനം സാധ്യമാക്കുന്നതിനൊപ്പം സ്ത്രീകളുടെ തൊഴിൽ സുരക്ഷയും സംരക്ഷിയ്ക്കേണ്ടതുണ്ട്.

നിലവിൽ നിശ്ചല ക്ഷേമ സ്ഥിരതയിൽ നിന്ന് കേരളത്തിലെ പൊതു തൊഴിൽ ശക്തിയെ ഉൾക്കൊള്ളുന്നതും കാലാവസ്ഥാ മാറ്റ-പ്രതിരോധശേഷിയുള്ളതുമായ വളർച്ചയുടെ ചലനാത്മക ശക്തിയായി മാറാൻ വി.ബി.ജി.റാം ജി (ജി)ക്ക് മാറാൻ കഴിയട്ടെ.

*********